KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

26.06.2018 – ന് ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ ചെമ്പേരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ശക്തമായ മഴയിലും കാറ്റിലും HT line ന് മുകളിൽ വീണ റബ്ബർ മരം മുറിച്ച് മാറ്റുന്നതിനിടയിൽ വീടിന് മുകളിൽ നിന്നും വീണത് മൂലം ശ്രീ. സന്തോഷ് എബ്രഹാമിന് സംഭവിച്ച മാരകമല്ലാത്ത അപകടം - നഷ്ടപരിഹാരം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോർഡ് ഉത്തരവ് (ഡി.ബി) നം. 348/2021 (PS8/CW/NFA/Santhosh Abraham/2588/77/2020)

തിരുവനന്തപുരം, തീയതി 10/05/2021

---

സൂചനഃ- 1) 18/09/2020 – ലെ ശ്രീകണ്ഠാപുരം ഇലക്ട്രിക്കൽ ഡിവിഷനിലെ AEE യുടെ DB 18/ESD – S KPM/Accident – Compensation/2020-21/262. നമ്പർ കത്ത്.

2) കണ്ണൂർ ഗവ : മെഡിക്കൽ കോളേജ് മെഡിക്കൽ ബോർഡ് 26.09.2019 ൽ നൽകിയ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്.

3) 04/11/2020 ൽ അജണ്ട നം. 25-11/2020 ആയി സമർപ്പിച്ച മുഴുവൻ സമയ ഡയറക്ടർമാർക്കുള്ള കുറിപ്പ്.

4) 01.01.2021 ലെ അജണ്ട് 20-12/2020 ആയി ഡയറക്ടർ ബോർഡിന് സമർപ്പിച്ച കുറിപ്പ്.

5) 17.03.2021 – ലെ ഡയറക്ടർ ബോർഡ് യോഗത്തിലേയ്ക്കായി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ PS8/CW/NFA/Santhosh Abraham/2588/77/ 2020 തീയതി 19.02.2021 നമ്പർ കുറിപ്പ്.

6) 17/03/2021 ലെ 58 -)ം ഡയറക്ടർ ബോർഡ് മീറ്റിംഗിന്റെ നടപടിക്രമം (അജൻഡ 14-03/2021.

## ഉത്തരവ്

ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ ചെമ്പേരി ഇലക്ട്രിക്കൽ സെക്ഷന് പരിധിയിൽ 26.06.2018 – ന് ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും ഒരു റബർ മരം HT വൈദ്യുതി ലൈനിലും അടുത്ത വീടിനു മുകളിലുമായി വീണതുമൂലം സമീപത്തുള്ള റോഡ് ബ്ലോക്കാവുകയും പോലീസിന്റെയും, KSEBL ന്റെയും നാട്ടുകാരുടെയും അഭ്യർത്ഥനമാനിച്ച് മരപ്പണിക്കാരനായ ശ്രീ. സന്തോഷ് എബ്രഹാം മരംവീണ വീടിന് മുകളിലിരുന്നു ശിഖിരങ്ങൾ മുറിച്ച് മാറ്റുവാൻ ശ്രമിക്കുമ്പോൾ അബദ്ധത്തിൽ താഴെ വീഴുകയും നട്ടെല്ലിന് പരിക്കേറ്റ് അരക്കു താഴെ ചലനം നഷ്ടപ്പെട്ട് ഇപ്പോൾ ചികിത്സയിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് . ടി അപകടത്തിന്റെ ഫലമായി ശ്രീ. സന്തോഷ് എബ്രഹാമിന് 75% സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചതായി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

ഭാര്യയും രണ്ടു കുട്ടികളും അടങ്ങുന്നതാണ് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ശ്രീ. സന്തോഷ് എബ്രഹാമിന്റെ കുടുംബമെന്നും നിർധന കുടുംബാംഗമായ ഇദ്ദേഹത്തിന് ഇപ്പോൾ നാലു ലക്ഷം രൂപയിലധികം

ചികിത്സാ ചിലവായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, കടിയാന്മല പോലീസ് സ്റ്റേഷൻ പരിധിയിലും ചെമ്പേരി സെക്ഷൻ ഓഫീസ് പരിധിയിലും പ്രകൃതിക്ഷോഭ സമയത്ത് മറിഞ്ഞുവീണ മരങ്ങൾ മുറിച്ച് മാറ്റുന്ന സന്നദ്ധ പ്രവർത്തനങ്ങളിൽ സജീവ പങ്കുവഹിച്ച ആളാണ് ശ്രീ. സന്തോഷ് എബ്രഹാമെന്നും, പോലീസ് അധികാരികളുടെയും, KSEBL ജീവനക്കാരുടെയും, നാട്ടുകാരുടെയും അഭ്യർത്ഥനമാനിച്ചാണ് ടിയാൻ സ്ഥലത്തെത്തി മരം മുറിച്ച് മാറ്റുകയായിരുന്നതെന്നും വിശദമായ അന്വേഷണത്തിൽ ചെമ്പേരി ഇലക്ട്രിക്കൽ സെക്ഷൻ അധികൃതരുടെ സാന്നിധ്യം പ്രസ്തുത ജോലി ചെയ്യുന്നതിനിടെ ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സന്തോഷ് എബ്രാഹാമിനുണ്ടായ അപകടം KSEBL ലെ ഉദ്യോഗസ്ഥർ ചുമതലപ്പെടുത്തിയ ജോലിക്കിടയിലായതിനാൽ 1923 – ലെ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അപകടത്തിന്റെ ഫലമായി സംഭവിച്ച 75% സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിനും വയസ്സ് ഘടകത്തിനും ആനുപാതികമായി ചുവടെ സൂചിപ്പിക്കുന്ന നഷ്ടപരിഹാരത്തിന് അർഹത ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1) അപകടം ദിവസം | - 26.06.2018. |
| 2) ജനനതീയതി | - 26.11.1973 |
| 3) അപകടദിവസം പൂർത്തിയായ വയസ്സ് | - 44 വയസ്സ് |
| 4) ശരാശരി മാസികാ വേതനം | - 8000/- രൂപ |
| 5) വയസ്സ് ഘടകം | - 172.52 |
| 6) സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനം | - 75% |
| 7) നഷ്ടപരിഹാരം | - $\frac{8000 \times 172.52 \times 60 \times 75}{100 \times 100}$ |

= **6,21,072/- രൂപ**
=========

പ്രസ്തുത വിഷയം 04.11.2020 തീയതിയിലെ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം പരിഗണിക്കുകയും ആയത് സൂചന (3) പ്രകാരം ഡയറക്ടർ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

ടി വിഷയം 01.01.2021 കൂടിയ ഡയറക്ടർ ബോർഡിന്റെ പരിഗണനക്ക് Agenda 20-12/2020 ആയി സമർപ്പിച്ചുവെങ്കിലും ആയത് സൂചന (4) പ്രകാരം പിന്നീട് തീരുമാനമെടുക്കുന്നതിലേക്കായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

17.03.2021 ന് കൂടിയ Board of Directors മീറ്റിംഗിൽ Agenda 14-03/2021 ആയി പ്രസ്തുത വിഷയം പരിഗണിക്കുകയും, 26.06.2018 - ന് ചെമ്പേരി ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ശക്തമായ മഴയും കാറ്റും മൂലം HT line – ന് മുകളിൽ റബർ മരം വീണ് റോഡിൽ ഉണ്ടായ മാർഗ്ഗ തടസ്സം മാറ്റുന്നതിനുവേണ്ടി മരം മുറിച്ചുമാറ്റുന്നതിനിടയിൽ താഴെക്ക് വീണ് ഗുരുതരമായ പരിക്ക് പറ്റി 75% സ്ഥിരവും, സ്ഥായിയുമായ

അംഗവൈകല്യം സംഭവിച്ചിട്ടുള്ള ശ്രീ. സന്തോഷ് എബ്രഹാമിന് മാനുഷിക പരിഗണനക്ക് മുൻതൂക്കം നൽകി 1923 – ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് ബാധകമായി നഷ്ടപരിഹാരത്തുകയായ ₹6,21,072/- രൂപ അനുവദിക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ച് കൊള്ളുന്നു.

ഡയറക്ടർ ബോർഡിന്റെ ഉത്തരവിൻ പ്രകാരം

**ഒപ്പ്.**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്**

ഗ്രാഹകൻ,

എക്സിക്യൂട്ടീവ് എൻജിനീയർ , ഇലക്ട്രിക്കൽ ഡിവിഷൻ, ഇരിട്ടി

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിന് പ്രകാരം

സീനിയർസൂപ്രണ്ട്